(സി) പരാജയപ്പെട്ടുവെന്ന് കരുതുന്നില്ല. പദ്ധതി രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ കാലാകാലങ്ങളിൽ ഫലപ്രാപ്തിയും നിർവ്വഹണ സൗകര്യവും പരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നുണ്ട്.

(ഡി) ബാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ബഡ്ജറ്റിലൂടെ വക കൊള്ളിച്ച തുക കഴിഞ്ഞവർഷം മുഴുവനും വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം മൂന്ന് തവണകളായാണ് വികസന ഫണ്ട് അനുവദിക്കുന്നത്. ആദ്യതവണ അനുവദിച്ചുകഴിഞ്ഞു.

ആശ്രയ പദ്ധതി

27 (*297) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശ്രയ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സഹായങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷമാണ് ആശ്രയ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും, അടിസ്ഥാന ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹ്യമായി ബഹിഷ്കൃതരും പാർശ്വവൽക്കരിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സൂതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification and Rehabilitation Programme). അടിസ്ഥാന സൗകര്യ വികസനം, അതി ജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായ സഹായങ്ങൾ ഈ പദ്ധതി പ്രകാരം വിവിധ സർക്കാർ/ സർക്കാരിതര സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നൽകി വരുന്നു.

(ബി) ഗ്രാമപഞ്ചായത്തുകൾ വഴി താഴെപ്പറയുന്ന സേവനങ്ങളുടെ പാക്കേജ് നടപ്പിലാക്കിവരുന്നു.

1. **അതിജീവനാവശ്യങ്ങൾ**:- ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, പെൻഷൻ, വിദ്യാഭ്യാസം എന്നിവ

65 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവർക്കും അന്നപൂർണ്ണ പദ്ധതി പ്രകാരവും അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരവും ഭക്ഷണം ലഭ്യമാക്കുന്നു. ഭക്ഷണം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് പോഷകാഹാര കിറ്റും നൽകിവരുന്നു. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നു. പദ്ധതിയിൽപ്പെട്ടവർക്ക് വസ്ത്രം സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുന്നു. ഏതെങ്കിലും ഒരു ക്ഷേമപെൻഷനും നൽകി വരുന്നു. കുട്ടികൾക്കാവശ്യമായ പഠനോപകരണം, വസ്ത്രം, ഭക്ഷണം എന്നിവയ്ക്കും ആശ്രയ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ചുവരുന്നു.

2. **അടിസ്ഥാന സൗകര്യം** :- ഭൂമിയില്ലാത്ത ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയ്ക്കും പഞ്ചായത്ത് വിഹിതത്തിൽ നിന്നും തുക അനുവദിച്ചുവരുന്നു.

3. **വികസനാവശ്യങ്ങൾ**:- ആശ്രയ ഗുണഭോക്താക്കൾക്ക് സ്വയം തൊഴിലിനായി കുടുംബശ്രീവഴി ഫണ്ട് അനുവദിച്ചുവരുന്നു.

4. **മാനസികാവശ്യങ്ങൾ**:- ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്പെഷ്യൽ സ്കൂൾ സംവിധാനം ഏർപ്പെടുത്തി നടപ്പിലാക്കി വരുന്നു.

(സി) ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. അതിജീവനാവശ്യങ്ങൾ

എ) ഭക്ഷണം, വസ്ത്രം	സി.ഡി.എസ്. മെമ്പർ സെക്രട്ടറി
ബി) പെൻഷൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി
സി) ആരോഗ്യപരിരക്ഷ	അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ

2. അടിസ്ഥാന സൗകര്യങ്ങൾ

ഭൂമി, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം	ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ

3. വികസനാവശ്യങ്ങൾ

തൊഴിൽ,വൈദഗ്ധ്യ പരിശീലനം തുടങ്ങിയവ	മെമ്പർ സെക്രട്ടറി

4. മാനസികാവശ്യങ്ങൾ : മെമ്പർ സെക്രട്ടറി

5. പ്രത്യേക പ്രോജക്ടുകൾ : ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ

ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി ഉപസമിതി രൂപീകരിച്ച് ആയത് വിലയിരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് റിപ്പോർട്ട് നൽകിവരുന്നു. ഓരോ ആശ്രയ കുടുംബവും ഉൾപ്പെടുന്ന അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തുകയും പ്രോജക്ട് പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് അയൽക്കൂട്ടം സെക്രട്ടറി/പ്രസിഡന്റ്, എ.ഡി.എസ്., സി.ഡി.എസ്. കമ്മിറ്റികളിൽ വിവരം നൽകിവരികയും ചെയ്യുന്നു.